**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2975** **25-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിയിലെ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്നും അവിടങ്ങളിൽ തീരദേശ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങൾ - മുസോഡി കടപ്പുറം, ശാരദാനഗർ, പെരിങ്ങടി, കോയിപ്പാടി, പെർവാഡ്, നാങ്കികൊപ്പളം, കാവുഗോളി, ചെരങ്കൈ കസബ, കീഴൂർ, ജമ്മ കണ്ണി, കൊവ്വൽ കൊപ്പൽ കാപ്പിൽ, തൃക്കണ്ണാട്, അജന്നൂർ, തൈക്കടപ്പുറം,വലിയപറമ്പ ഇവയാണ്. ഇവയിൽ വലിയ പറമ്പ ഒഴികെയുള്ള ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കരിങ്കൽ ഉപയോഗിച്ചുകൊണ്ടുള്ള കടൽഭിത്തി മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം കാലാകാലങ്ങളായി തകർന്നു കൊണ്ടിരിക്കുകയാണ്. ചിലയിടങ്ങളിൽ രൂക്ഷമായ കടലാക്രമണം തടയുന്നതിനായി താൽക്കാലിക സംരക്ഷണഭിത്തി എന്ന നിലയിൽ ജിയോബാഗ് ഉപയോഗിച്ചു കൊണ്ടുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തി ചെയ്തു വരുന്നുണ്ട്. ജില്ലയിലെ രൂക്ഷമായ കടലാക്രമണം കണക്കിലെടുത്ത് വലിയപറമ്പ കടൽതീരം ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലത്ത് കടൽത്തീര സംരക്ഷണത്തിന് ഏത് മാർഗം അവലംബിക്കണമെന്നത് സംബന്ധിച്ച് NCCR മുഖേന പഠനം നടത്തി വരുന്നു. കൂടാതെ തൃക്കണ്ണാട് കടപ്പുറവും NCCR സന്ദർശിക്കുകയും പഠനവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. NCCR-ൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ